**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1006** **10-06-2021 - ൽ മറുപടിയ്ക്ക്**

**വാസയോഗ്യമല്ലാത്ത വീടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | **Shri. K. Rajan**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | 2004 ലെ സുനാമിമൂലം കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഭവനം നഷ്ടപ്പെട്ടവർക്ക് സർക്കാരും സന്നദ്ധ സംഘടനകളും ചേർന്ന് നിർമ്മിച്ച നൽകിയ വീടുകളിൽ വാസയോഗ്യ മല്ലാത്തവ എത്രയെണ്ണമെന്ന് വ്യക്തമാക്കാമോ; | (എ) | 2004 ലെ സുനാമി മൂലം കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് നിർമ്മിച്ച നൽകിയ വീടുകൾ പലതിലും അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ഇവയിൽ വാസയോഗ്യമല്ലാത്തവ എത്രയെണ്ണമെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. |
| (ബി) | ഇവരുടെ ദയനീയ അവസ്ഥക്ക് പരിഹാരം കാണുന്നതിനായി സർക്കാർ എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്യുന്നതെന്നും ഇവർക്കായി ഒരു സമഗ്ര പദ്ധതി ആവിഷ്ക്കരിക്കുമോയെന്നും വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്ത് സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി 8762 സുനാമി ഫ്ലാറ്റുകൾ/വീടുകൾ നിർമ്മിച്ച നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ള സുനാമി ഫ്ലാറ്റുകൾ/ വീടുകളിൽ തുടർന്ന് വരുന്ന അറ്റകുറ്റപ്പണികൾ ഗുണഭോക്താക്കൾ തന്നെയാണ് നിർവ്വഹിക്കുന്നത്. കൊല്ലം ജില്ലയിൽ വില്ലേജ് ഓഫീസർ കൺവീനറായുള്ള റസിഡന്റ്സ് അസോസിയേഷൻ ഫ്ലാറ്റുകളുടെ നടത്തിപ്പും മേൽനോട്ടവും നിർവ്വഹിക്കുന്നുണ്ട്. സുനാമി ഫ്ലാറ്റുകൾ/ വീടുകൾ എന്നിവിടങ്ങളിലെ മാലിന്യപ്രശ്നവും സംസ്കരണവും കുടിവെള്ള വിതരണം, റോഡുകളുടെ അറ്റകുറ്റപ്പണി തുടങ്ങിയ വിഷയങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ടാണ് നിർവ്വഹിച്ച വരുന്നത്. ടി പദ്ധതി പ്രകാരം നിർമ്മിച്ച കോളനികളിലെ മാലിന്യ നിർമ്മാർജ്ജനം, സെപ്റ്റിക് ടാങ്ക് നിറഞ്ഞ് കവിയുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങൾ, കുടിവെള്ള പ്രശ്നം, ചുറ്റമതിൽ നിർമ്മാണം, എന്നിവ നിർവ്വഹിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെയും ജലവിഭവ വകുപ്പിനെയും ചുമതലപ്പെടുത്തി 12.02.2019 ലെ സ.ഉ(സാധാ)നം. 97/2019/ഡിഎംഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതി പ്രകാരം നിർമ്മിച്ച വിവിധ ജില്ലകളിലെ ഫ്ലാറ്റ് സമുച്ചയങ്ങളുടെ പരിപാലന ചുമതല അതാത് ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചുകൊണ്ട് 03.07.2020 ലെ സ.ഉ. |

| | | | |
|---|---|---|---|
| | | | (സാധാ)നം. 592/2020/ഡി.എം.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

## സംഗ്രഹം

ദുരന്തനിവാരണ വകുപ്പ് - സുനാമി പുനരധിവാസ പദ്ധതി - സുനാമി പുനരധിവാസ പദ്ധതിപ്രകാരം നിർമ്മിച്ച കോളനികളിലെ മാലിന്യ നിർമ്മാർജ്ജനം, സെപ്റ്റിക് ടാങ്ക് നിറഞ്ഞ് കവിയുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങൾ, കുടിവെള്ള പ്രശ്നം, ചുറ്റുമതിൽ നിർമ്മാണം എന്നിവ നിർവ്വഹിക്കുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പിനെയും ജലവിഭവ വകുപ്പിനെയും ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ദുരന്തനിവാരണ (ബി) വകുപ്പ്

സ.ഉ.(സാധാ)നമ്പർ.97/2019/ഡി.എം.ഡി തിരുവനന്തപുരം, തീയതി, 12.02.2019

---

പരാമർശം : 1)മത്സ്യതൊഴിലാളികളുടെയും അനുബന്ധതൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-19)യുടെ ഒന്നാമത് റിപ്പോർട്ട്
2)19.06.2017 ലെ TRPC3/39/2017/Rev നമ്പർ സർക്കാർ കത്ത്.

## ഉത്തരവ്

2004 ലെ സുനാമി ദുരന്തത്തിൽ വീടും വസ്തുവകകളും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി രൂപം കൊടുത്തതാണ് സുനാമി പുനരധിവാസ പദ്ധതി. കേരളത്തിലെ കടൽത്തീര പ്രദേശമുള്ള ഒൻപതു ജില്ലകളിൽ സുനാമി പുനരധിവാസ പദ്ധതി പ്രകാരം വീടുകളും ഫ്ലാറ്റുകളും നിർമ്മിച്ച് അർഹരായവരെ പുനരധിവസിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ള പദ്ധതിയിൽ ഭൂരിപക്ഷം വീടുകളുടെയും ഫ്ലാറ്റുകളുടെയും നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുള്ളതാണ്. ടി കോളനികളിൽ പലയിടങ്ങളിലും കുടിവെള്ള ക്ഷാമം, ഡ്രെയിനേജ് സംവിധാനത്തിലെ പോരായ്മ, സെപ്റ്റിക് ടാങ്ക് കവിഞ്ഞൊഴുകൽ, മഴക്കാലത്തെ വെള്ളക്കെട്ട് എന്നിവയുണ്ടാകുന്നുവെന്നും അവ സുനാമി ഫണ്ട് ഉപയോഗിച്ച് പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് സർക്കാരിൽ നിവേദനങ്ങൾ ലഭിക്കുന്നുണ്ട്.

സുനാമി പുനരധിവാസ പദ്ധതി ഒരു തുടർ പദ്ധതിയല്ല. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഗുണഭോക്താക്കൾക്ക് കൈമാറുന്നതോടു കൂടി ടി പദ്ധതിയുടെ പ്രവർത്തനം പൂർത്തിയാകേണ്ടതാണ്. തുടർന്നുണ്ടാകുന്ന നവീകരണ-നിർമ്മാണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തി വരുന്നില്ല. സുനാമി പുനരധിവാസ പദ്ധതി അവസാന ഘട്ടത്തിലുമാണ്. ഈ സാഹചര്യത്തിൽ സുനാമി പുനരധിവാസ പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള കോളനികളിലെ മാലിന്യ നിർമ്മാർജ്ജനവും സെപ്റ്റിക് ടാങ്ക് ഉൾപ്പെടെയുള്ള പ്രശ്നങ്ങളും അതത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിർവ്വഹിക്കേണ്ടതാണെന്ന് ജില്ലാകളക്ടർമാർക്ക് പരാമർശം (2) കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

മത്സ്യതൊഴിലാളികളുടെയും അനുബന്ധതൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി പരാമർശം (1) റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ/മത്സ്യ ബന്ധനവകുപ്പ്/ ജലവിഭവ വകുപ്പ് എന്നീ വകുപ്പ് പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് വിളിച്ചു ചേർത്ത യോഗത്തിൽ സുനാമി പുനരധിവാസ പദ്ധതി പ്രകാരം

നിർമ്മിച്ചിട്ടുള്ള കോളനികളിലെ കുടിവെള്ള പ്രശ്നം, മാലിന്യ സംസ്കരണം, സെപ്റ്റിക് ടാങ്ക് കവിഞ്ഞൊഴുകൽ എന്നീ വിഷയങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുകയുണ്ടായി. മേൽ പ്രവൃത്തികൾക്ക് തുടർനടപടി സ്വീകരിക്കുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പിനേയോ ജലവിഭവ വകുപ്പിനെയോ ചുമതലപ്പെടുത്തിക്കൊണ്ട് ഒരു ഉത്തരവ് പുറപ്പെടുവിക്കാത്തതിനാൽ ഈ വിഷയത്തിൽ ഫലപ്രദമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് പ്രസ്തുത വകുപ്പുകൾക്ക് കഴിയുന്നില്ലായെന്നും ഈ വിഷയത്തിൽ നിരന്തരമായ പരാതികൾ വന്നുകൊണ്ടിരിക്കുന്നതായും സമിതി വിലയിരുത്തുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ റവന്യൂ വകുപ്പ്, സുനാമി പുനരധിവാസ പദ്ധതിപ്രകാരം നിർമ്മിച്ച കോളനികളിലെ മാലിന്യ നിർമ്മാർജ്ജനം, സെപ്റ്റിക് ടാങ്ക് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ, ചുറ്റുമതിൽ നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പിനെ ഏൽപ്പിച്ചു കൊണ്ടും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ജലവിഭവ വകുപ്പിനെ ഏൽപ്പിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),

**രമേശൻ എം. കെ**
**അഡീഷണൽ സെക്രട്ടറി**

സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം)
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ വകുപ്പ്/ജലവിഭവ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ജലവിഭവ വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാകളക്ടർമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം,
വെബ് & ന്യൂമീഡിയ,
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

File No.DMB2/264/2019-DMD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ദുരന്തനിവാരണ വകുപ്പ് - സുനാമി ഫ്ളാറ്റുകളുടെ നടത്തിപ്പ് ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്തനിവാരണ(ബി) വകുപ്പ്

G.O.(Rt) No.592/2020/DMD തീയതി,തിരുവനന്തപുരം, 03/07/2020

പരാമർശം:- കാസറഗോഡ് ജില്ലാ കളക്ടറുടെ 06/12/2019 തീയതിയിലെ DCKSGD /15644/2019-K2 നമ്പർ കത്ത്.

**ഉത്തരവ്**

സുനാമി പുനരധിവാസ പദ്ധതി പ്രകാരം നിർമ്മിച്ച വിവിധ ജില്ലകളിലെ ഫ്ളാറ്റ് സമുച്ചയങ്ങളുടെ പരിപാലന ചുമതല കൂടി അതാത് ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സൂചന പ്രകാരം കാസർകോട് ജില്ലാ കളക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. സുനാമി പുനരധിവാസ പദ്ധതി പ്രകാരം നിർമ്മിച്ച വിവിധ ജില്ലകളിലെ ഫ്ളാറ്റ് സമുച്ചയങ്ങളുടെ പരിപാലന ചുമതല കൂടി അതാത് ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SAJU.S

ADDITIONAL SECRETARY

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽ, വികാസ് ഭവൻ.പി.ഒ. തിരുവനന്തപുരം.

തദ്ദേശ സ്വയംഭരണ വകുപ്പിന്

അക്കൗണ്ടന്റ് ജനറൽ(എ&ഇ) ), കേരള, തിരുവനന്തപുരം,

അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരള, തിരുവനന്തപുരം,

ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:- ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ദുരന്ത നിവാരണ (എ) വകുപ്പിന്

വെബ് & ന്യൂ മീഡിയ. ഐ & പിആർഡി.

File No.DMB2/264/2019-DMD

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ